കൊച്ചി

ESTABLISHED 1888

മെട്രോ മനോരമ

2016 നവംബർ 4 വെള്ളി
1192 തുലാം 19
metrokochi@mm.co.in

ചാള ഒരു ചെറിയ മീനല്ല

ചാള(മത്തി) കുറയുന്നത് ഒരു സൂചനയാണ്. മൽസ്യമേഖലയിലെ വരാൻ പോകുന്ന കറുത്തകാലത്തിന്റെ മുന്നറിയിപ്പാണിത്. മൽസ്യലഭ്യതയിൽ 50 ശതമാനത്തിന്റെ കുറവ് ഇപ്പോൾ തന്നെ രേഖപ്പെടുത്തി. മുന്നറിയിപ്പുകൾ അവഗണിച്ചാൽ പ്രശ്നം ഗുരുതരമാകും

സ്വന്തം ലേഖകൻ

കൊച്ചി ● തീരം ശാന്തമല്ല. പരമ്പരാഗത മത്സ്യബന്ധന സമൂഹവും ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളും ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണ്.

കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ കേരളത്തിലെ മത്സ്യോൽപാദനം 8.39 ലക്ഷം ടണ്ണിൽ നിന്നു നേർപകുതിയായികുറഞ്ഞു. മലയാളികളുടെ ഇഷ്ടവിഭവമായ മത്തി(ചാള)യുടെ ഉൽപാദനമാകട്ടെ ഈ കാലയളവിൽ ആറിലൊന്നായി ഇടിയുകയും ചെയ്തു. 2012ൽ 3.39 ലക്ഷം ടൺ മത്സ്യം പിടിച്ച സ്ഥാനത്തു 2015ൽ കേവലം 68,500 ടണ്ണായി കുറഞ്ഞു. 2016 ലെ കണക്കുകൾ ഇതിലും പരിതാപകരമാണ്.

മത്തിയുടെ ഉൽപാദനത്തിലുണ്ടായ തകർച്ച പരമ്പരാഗത മത്സ്യതൊഴിലാളികളെ നേരിട്ടു ബാധിക്കുന്നതാണ്. ലോകത്ത് ഏറ്റവും രുചികരമായ മത്തി ലഭിക്കുന്നതു കേരളത്തിൽ നിന്നാണ്.

കടലിൽ പോകുന്ന മത്സ്യ തൊഴിലാളികൾ 90 ശതമാനം പേരും മത്തിയെ കേന്ദ്രീകരിച്ച് ഉപജീവനം നടത്തുന്നവരാണെന്നു കണക്കുകൾ ബോധ്യപ്പെടുത്തുന്നു. 2014-15 വർഷത്തിൽ മാത്രം മത്തി ഉൽപാദനത്തിന്റെ തകർച്ച മൂലം 146 കോടി രൂപയുടെ നഷ്ടമുണ്ടായതാണു കണക്ക്. ഒരു വർഷത്തിനിടയിൽ തൊഴിൽ ദിനങ്ങളിൽ 28.2 ശതമാനവും വരുമാനത്തിൽ 45.8 ശതമാനവും കുറവുണ്ടായി.

കേരളത്തിന്റെ തീരക്കടലിൽ എല്ലാ ഏപ്രിൽ, മേയ് മാസങ്ങളിലും മത്തി പ്രത്യക്ഷപ്പെടാറുണ്ട്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ മത്തി ധാരാളമായി ലഭിക്കുകയും ചെയ്യും. എന്നാൽ ഈവർഷം കേരളത്തിൽ മത്തി വൻതോതിൽ അപ്രത്യക്ഷമായതായി സിഎംഎഫ്ആർഐയുടെ പഠനങ്ങൾ വ്യക്തമാക്കുന്നു.

കേരളത്തിൽ 1942, 1964, 1994 വർഷങ്ങളിൽ മത്തി അപ്രത്യക്ഷമായിരുന്നു. ഇതോടെ 1942ൽ മലബാർ തീരത്തു മത്തി പിടിക്കുന്നതു നിരോധിച്ചിരുന്നു. പിന്നീട് 1952-ലാണു നിരോധനം മാറ്റിയത്. തീരക്കടലിലെ ചൂടു കൂടിയതും, അതിവർഷത്തെത്തുടർന്നു കടലിലെ ഉപ്പിന്റെ അംശം താണു പോയതും ഓക്സിജൻ കുറഞ്ഞതുമെല്ലാം മത്തിയുടെ വരവിനെ സാരമായി ബാധിച്ചതായി കാണാം. എൽനിനോ പ്രതിഭാസത്തിന്റെ ഭാഗമായി തീരക്കടലിലെ അപ് വെല്ലിങ് ക്രമം തെറ്റിയതും പ്രതികൂലമായി മാറി. കടൽച്ചൊറിയുടെ ആധിക്യവും പ്രശ്നമായി. ഇത്തരം പാരിസ്ഥിതികഘടകങ്ങൾക്കു പുറമേ മനുഷ്യർ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും സ്ഥിതി ഗുരുതരമാക്കി. തള്ളമത്സ്യങ്ങളെയും കുഞ്ഞുങ്ങളെയും അമിതമായി പിടിച്ചതും പ്രതികൂലമായി ബാധിച്ചു. നിരോധിക്കപ്പെട്ട പെലാജിക് ട്രോളിങ്ങിലൂടെ ചെറുചാളകളെ അനിയന്ത്രിതമായി പിടികൂടുന്നതു പൂർണമായി തടയാനായിട്ടില്ല.

പരമ്പരാഗത മത്സ്യതൊഴിലാളികളിൽ ഗണ്യമായ വിഭാഗം മത്തി അടക്കമുള്ള ഉപരിതല മത്സ്യങ്ങളെ പിടിച്ചാണു കഴിയുന്നത്.

ഒരാൾ തുഴഞ്ഞുപോകുന്ന തെർമോകോൾ വഞ്ചികൾ മുതൽ അമ്പതും അറുപതും പേർ ജോലി ചെയ്യുന്ന ഇൻബോർഡ് വള്ളങ്ങൾ വരെ മത്തിലക്ഷ്യമിട്ടുനീങ്ങുന്നു. ഇൻബോർഡ് വള്ളങ്ങളിൽ മാത്രമായിഇരുപതിനായിരത്തിലേറെ പേർ ജോലി ചെയ്യുന്നുവെന്നാണു കണക്ക്.

മൂന്നു മുതൽ 40 പേർ വരെ കയറുന്ന ഔട്ട് ബോർഡ് വള്ളങ്ങളുമുണ്ട്. ഇവയിലെല്ലാമായി ഒരു ലക്ഷത്തിലേറെ പേർ ഈ മേഖലയിൽ പണിയെടുക്കുന്നു. 60 മുതൽ 80 ലക്ഷം വരെ നിർമാണ ചെലവുള്ളതാണ് ഇൻബോർഡ് വള്ളങ്ങൾ. സഹകരണ മേഖലകളിൽ നിന്നും ബാങ്കുകളിൽ നിന്നും സഹകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്കു പണമെടുത്താണു വള്ളമിറക്കുന്നതെന്ന് തൊഴിലാളികൾ പറയുന്നു.

മത്സ്യം ലഭിക്കാത്ത സാഹചര്യത്തിൽ തിരിച്ചടവു മുഷ്കരമാണ്. മിക്കവാറും മത്സ്യബന്ധന യൂണിറ്റുകൾ ഇതിനകം പ്രവർത്തന രഹിതമായതായി റിപ്പോർട്ടുകളുണ്ട്. ആവശ്യത്തിനു മത്സ്യം ലഭിക്കാതെ വരികയും തൊഴിൽ ലാഭകരമല്ലാതാകുകയും ചെയ്തതോടെ പ്രതിസന്ധിയിലായിരിക്കുകയാണു മത്സ്യമേഖല.